06-01-2022

THURSDAY

വ്യാഴാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 06/01/2022

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ വാഴകൃഷി, പാഷൻഫ്രൂട്ട് കൃഷി, പന്തലിൽ ചെയ്യുന്നതും പന്തൽ കൂടാതെ ചെയ്യുന്നതുമായ പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി എന്നിവയ്ക്കും ചെറുകിട നഴ്സറി, ചെറുകിട കൂണുൽപ്പാദന യൂണിറ്റ്, ഹൈടെക്ക് മിൽക്കി മഷ്റൂം ഉൽപ്പാദന യൂണിറ്റ്, കൂൺ-പ്രോസസ്സിംഗും മൂല്യവർദ്ധിത യൂണിറ്റും, ചെറുകിട കൂൺ വിത്തുൽപ്പാദന യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻഫ്രൂട്ട്, മാംഗോസ്റ്റിൻ, ഹൈബ്രിഡ് പച്ചക്കറി കൃഷി എന്നിവയ്ക്കും കൂടാതെ പ്രൈമറി മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേംബർ, ഇന്റഗ്രേറ്റഡ് പാക്ക്ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. ഇടുക്കി ജില്ലയിലെ താത്പര്യമുള്ള കർഷകർ അവരവരുടെ പഞ്ചായത്തിലെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകണമെന്ന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന സർക്കാർ അംഗീകാരമുള്ള രണ്ട് വർഷം കാലാവധിയുള്ള **ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷിനറീസ്** കോഴ്സിലേക്ക് സ്പോട്ട് അഡ്മിഷനുള്ള അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി കഴിഞ്ഞ ശേഷം ഒരു വർഷം സ്റ്റൈപ്പന്റോടു കൂടിയ ട്രെയിനിംഗ് നൽകുന്നതാണ്. യോഗ്യത പത്താം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യമാണ്. പ്രായപരിധി 25 വയസ്സാണ്. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0475-2229448, 7558880463** എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. കഴക്കൂട്ടം കൃഷിഭവൻ പരിധിയിൽ ഉൾപ്പെടുന്ന കഴക്കൂട്ടം, ചന്തവിള, കാട്ടായികോണം വാർഡുകളിലെ തെങ്ങുകളുടെ സമഗ്ര രോഗ കീട നിയന്ത്രണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് **കേരഗ്രാമം പദ്ധതി** നടപ്പിലാക്കുന്നു. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തെങ്ങിന്റെ തടം തുറന്ന്

ജൈവവളം പ്രയോഗിക്കുന്നതിന് ആവശ്യമായ തൊഴിലാളികളുടെ സേന രൂപീകരിക്കുന്നു. ആയതിലേക്ക് കൃഷിപ്പണികൾ കരാർ വ്യവസ്ഥയിൽ ചെയ്യുവാൻ താൽപര്യമുള്ള സ്ത്രീപുരുഷന്മാർ കൃഷിഭവനുമായി **9847565015, 9745654760, 9020333414, 9961800826** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

4. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ആറു മാസത്തെ കോഴ്സായ **സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ്** 2022 ജനുവരി ബാച്ചിലെ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ് ആണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 ആണ്. https://onlineadmission.ignou.ac.in/admission/ എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000930, 9400608493** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാമിൽ നിന്നും ഒരു ദിവസം പ്രായമായ **ഗ്രാമശ്രീ** ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **949500092** എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കോഴി വളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അവസാന തീയതി ജനുവരി 5 ആണ്.

7. മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വച്ച് ഈ മാസം 12,13 (ജനുവരി 12,13) തീയതികളിൽ **"പാലിൽ നിന്ന് മൂല്യവർദ്ധിത ഉന്നങ്ങൾ'** എന്ന വിഷയത്തിൽ ദ്വിദിന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1000 രൂപയാണ് ഫീസ്.കൂടുതൽ വിവരങ്ങൾക്ക് **9744481598, 9495039707** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (06/01/2022) രാവിലെ 10.00 മുതൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കും. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. താൽപര്യമുള്ളവർ **0491 2815454** എന്ന നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. പുഞ്ചക്കൃഷി ഇറക്കിയ പാടങ്ങളിലെല്ലാം വളരെ ഉയർന്ന അമ്ലത കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ നിലം ഉണങ്ങുന്നത് ഒട്ടും അഭികാമ്യമല്ല. ഇപ്പോൾ കളനാശിനി അടിയ്ക്കുന്നതു വരെ കർഷകർ നിലം നന്നായി ഉണക്കുന്നുണ്ട്. ഇപ്രകാരം ഉണങ്ങുമ്പോൾ ഉയർന്ന അമ്ലതയിൽ നെൽച്ചെടിക്ക് ഹാനികരമായ അമ്ലജന്യ പദാർത്ഥങ്ങൾ മണ്ണിൽ ഉണ്ടാവുകയും, തുടർന്ന് കളനാശിനി അടിച്ച് വെള്ളം കയറ്റുമ്പോൾ വെള്ളത്തിൽ ലയിച്ചു ചേരുന്ന അമ്ലജന്യ പദാർത്ഥങ്ങൾ ചെടി ആഗിരണം ചെയ്യുകയും, ഇത് ചെടിയുടെ വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വിതച്ച് കളനാശിനി അടിയ്ക്കുന്നതുവരെയുള്ള സമയത്ത് നിലം കൂടുതലായി ഉണങ്ങാതെ നോക്കണം. അമ്ലത നിയന്ത്രിക്കാതെ വളപ്രയോഗം നടത്തിയാലും ശരിയായ പ്രയോജനം ലഭിക്കുകയില്ല. അതിനാൽ അമ്ലത നിയന്ത്രിച്ചതിനുശേഷം മാത്രം വളപ്രയോഗം നടത്താൻ ശ്രദ്ധിക്കണം. ഉയർന്ന അമ്ലത മൂലം നെൽച്ചെടി വളർച്ച മുരടിച്ചു കാണപ്പെടുന്നത് ഇലപ്പേൻ ആക്രമണമായി തെറ്റിദ്ധരിച്ച് കർഷകർ രാസകീടനാശിനികൾ കൂടുതലായി പ്രയോഗിക്കുന്നു. ഇപ്പോൾ കീടനാശിനികൾ പ്രയോഗിക്കുന്നത് മിത്രപ്രാണികളുടെ നാശത്തിനും ഇടയാക്കുകയും, പിന്നീട് തുടർച്ചയായി കീടനാശിനിപ്രയോഗം നടത്തേണ്ട സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. അതിനാൽ സാങ്കേതിക നിർദ്ദേശം സ്വീകരിച്ചതിനുശേഷം മാത്രമേ രാസകീടനാശിനികൾ പ്രയോഗിക്കാവു.